Malappuram District Police

## 26/01/2018 തിരൂർ

ചെന്നൈയിൽ നിന്ന് ട്രെയിന് മാർഗം കൊണ്ടുവന്ന 45 ലക്ഷം രൂപയുടെ കുഴൽപ്പണം തിരൂരില് പിടികൂടി. കുഴൽപ്പണം കടത്തിയ വേങ്ങര കണ്ണാടിപ്പടി സ്വദേശി പൂവില് മുഹമ്മദ് ഹനീഫ (43)യെ തിരൂർ എസ്.ഐ സുമേഷ് സുധാകറിന്റെ നേതൃത്വത്തിലുള്ള പൊലിസ് അറസ്റ്റ് ചെയ്തു. ജില്ലാ പൊലിസ് മേധാവിക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് തിരൂര് ഡിവൈ.എസ്.പി വി.എ ഉല്ലാസിന്റെ നിർദേശപ്രകാരം പൊലിസ് പ്രതിയെ ഷൊർണൂരില് നിന്ന് പിന്തുടരുകയായിരുന്നു. തിരൂരിൽ ട്രെയിന് ഇറങ്ങിയ സമയത്തായിരുന്നു അറസ്റ്റ്. 44,99,500 രൂപയാണ് ഇയാളില് നിന്ന് കണ്ടെടുത്തത്.

ചെന്നൈയിലെ ഏജന്റുമാരിൽ നിന്ന് കുഴൽപ്പണം കൈപ്പറ്റി മൂന്നു ട്രെയിനുകളിൽ മാറിക്കയറിയാണ് ഹനീഫ തിരൂരിലെത്തിയത്. ട്രെയിനുകളിലെല്ലാം നേരത്തെ തന്നെ ടിക്കറ്റ് റിസർവ് ചെയ്തായിരുന്നു യാത്ര. പണം പ്രത്യേക തരം തുണി സഞ്ചിയിലാക്കി ശരീരത്തിൽ കെട്ടിവച്ച നിലയിലായിരുന്നു. വേങ്ങര കേന്ദ്രീകരിച്ച് കുഴൽപ്പണ വിതരണം നടത്തുന്നയാളാണ ഹനീഫയെന്ന് പൊലിസ് വ്യക്തമാക്കി. എന്നാൽ പണം ചെന്നൈയിൽ നിന്ന് കെ.എസ്.എഫ്.ഇ ചിട്ടി കിട്ടിയതാണെന്നാണ് ഹനീഫയുടെ മൊഴി.

ജില്ലാ പൊലിസ് മേധാവിക്ക് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് ഇയാള് കഴിഞ്ഞ രണ്ടര മാസമായി പൊലിസ് നിരീക്ഷണത്തിലായിരുന്നു. ഇതിന് മുൻപ് കുഴൽപ്പണം കടത്തുന്നതിനിടെ കോയമ്പത്തൂരിൽ നിന്ന് പൊലിസ് പിടികൂടാന് ശ്രമിച്ചിരുന്നെങ്കിലും വിജയിച്ചിരുന്നില്ല. കുഴൽപ്പണക്കേസില് ഹനീഫ ഇതാദ്യമായാണ് പിടിക്കപ്പെടുന്നത്. പ്രതിയെ തിരൂർ കോടതിയില് ഹാജരാക്കി.